**Email : keralarcs@coop.kerala.gov.in**
**Website: www.cooperation.kerala.gov.in**
**Tel.No. 0471-2330726**

സി.ബി(3) 10295/2011

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 26.09.2011.

## സർക്കുലർ നമ്പർ : 70/2011

വിഷയം : സഹകരണ വകുപ്പ് – കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിന്റെ ഓഹരി മൂലധനത്തിൽ ജില്ലയിലെ പ്രാഥമിക സഹകരണ സംഘങ്ങൾ കൂടുതൽഓഹരി എടുക്കുന്നത് – നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്.

സൂചന : ബാങ്ക് ജനറൽ മാനേജരുടെ 10.08.2011 ലെ ഒ.ഫഃ ജഉട /201112 നമ്പർകത്ത്.

..............

കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിന് ഭാരതീയ റിസർവ്വ് ബാങ്കിൽ നിന്നും ലൈസൻസ് ലഭിക്കുന്നതിനായികോഴിക്കോട് ജില്ലയിലെ പ്രാഥമിക സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കിൽ കൂടുതൽ ഓഹരി എടുക്കാൻ നിർദ്ദേശം നൽകണമെന്ന് ബാങ്ക് ജനറൽ മാനേജർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഭാരതീയ റിസർവ് ബാങ്കിന്റെ ലൈസൻസിങ്ങ് നോംസ് പ്രകാരം കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് 31.03.2012 ന് മുൻപ് ഭാരതീയ റിസർവ്വ് ബാങ്കിൽ നിന്നും ലൈസൻസ് നേടേണ്ടതുണ്ട്. ഭരതീയ റിസ്ർവ് ബാങ്ക് നിഷ്കർഷിച്ച 4% മൂലധന പര്യാപ്തത (ക്യാപിറ്റൽ റ്റു റിസ്ക് വെയിറ്റഡ് അസറ്റ്സ് റേഷ്യോ) ഇല്ലാത്തതാണ് ലൈസൻസ് ലഭിക്കുന്നതിന് തടസ്സമായിട്ടുള്ളത്. ലൈസൻസ് ലഭിക്കുന്നതിന് നിഷ്കർഷിച്ച മൂലധന പര്യാപ്തത നിശ്ചിത സമയ പരിധിക്കകം കൈവരിക്കുന്നതിന് ജില്ലയിലെ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും ഓഹരി മൂലധനമായി 15 കോടി രൂപ സമാഹരിക്കാൻ കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ കൂടുതൽ ഓഹരി എടുത്ത്, ഇക്കാര്യത്തിൽ ജില്ലാ ബാങ്കിന്റെ കർമ്മ പദ്ധതി നടപ്പിലാക്കുന്നതിന് സഹകരിക്കണമെന്ന് കോഴിക്കോട് ജില്ലയിലെ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും നിർദ്ദേശം നൽകുന്നു.

ഒപ്പ്,
ഡോ: എസ്. രവീന്ദ്രൻ, ഐ.എ.എസ്,
സഹകരണ സംഘം രജിസ്ട്രാർ